പതിനാലാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 2886. 10/05/2017-ന് മറുപടിക്ക്

## മലയാള ഭാഷയെ സംരക്ഷിക്കുന്നതിന് നടപടികൾ

**ചോദ്യം**

ശ്രീ.ചിറ്റയം ഗോപകുമാർ

ശ്രീ.ഇ.കെ.വിജയൻ

ശ്രീമതി.ഗീതാ ഗോപി

ശ്രീ.കെ.രാജൻ

**ഉത്തരം**

ശ്രീ. പിണറായി വിജയൻ

(മുഖ്യമന്ത്രി)

| | | | |
|---|---|---|---|
| (എ) | മലയാള ഭാഷയെ സംരക്ഷിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ച് വരുന്നതെന്ന് വിശദമാക്കുമോ; | (എ) | ശ്രേഷ്ഠഭാഷാ പദവി ലഭിച്ച 'മലയാള ഭാഷ'യുടെ ആദരാർത്ഥം മലയാളം സർവ്വകലാശാലയെ മലയാളത്തിന്റെ 'സെന്റർ ഓഫ് എക്സലൻസ്' ആക്കി ഉയർത്തുക, കാസർകോഡ് കേന്ദ്ര സർവ്വകലാശാലയിൽ മലയാളത്തിനു ക്ലാസിക്കൽ ചെയർ ആരംഭിക്കുക, കേരളത്തിന്റെ 60-ാം ജന്മവാർഷികത്തോടനുബന്ധിച്ച് 'ആഗോള മലയാള സമ്മേളനം' സംഘടിപ്പിക്കുക, ഗവേഷണം, പ്രസിദ്ധീകരണം തുടങ്ങി നിരവധി പ്രവർത്തനങ്ങൾക്ക് 'ഒറ്റത്തവണ' ധനസഹായം ലഭ്യമാക്കണമെന്ന് കേന്ദ്രസർക്കാരിനോട് അഭ്യർത്ഥിച്ചിട്ടുണ്ട്. |
| (ബി) | ഭരണഭാഷ മലയാളമാക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചു വരുന്നുവെന്ന് വിശദമാക്കുമോ; | (ബി) | കേരളത്തിൽ ഭരണഭാഷ മലയാളമാക്കുന്നതിനുള്ള നടപടി ആരംഭിച്ചത് 1957-ലാണ്. 1969-ൽ കേരള ഔദ്യോഗികഭാഷകൾ ആക്ട് നടപ്പിലാക്കുകയും ഭരണഭാഷ മലയാളമാക്കുന്നതിനുള്ള നിർദ്ദേശങ്ങൾ വിവിധ വകുപ്പുകൾക്ക് നൽകുകയും ചെയ്തിട്ടുണ്ട്. ഭാഷാമാറ്റ പുരോഗതി അവലോകനം ചെയ്യുന്നതിനായി ബഹു.മുഖ്യമന്ത്രിയുടെ അധ്യക്ഷതയിൽ ഉന്നതതലസമിതിയും, ചീഫ് സെക്രട്ടറിയുടെ അധ്യക്ഷതയിൽ സംസ്ഥാനതല സമിതിയും, വകുപ്പ് സെക്രട്ടറിമാരുടെ അധ്യക്ഷതയിൽ വകുപ്പുതലസമിതിയും, ജില്ലാ കളക്ടറുടെ അധ്യക്ഷതയിൽ ജില്ലാതല ഏകോപന സമിതിയും രൂപവൽക്കരിച്ചിട്ടുണ്ട്. കോഡുകളും മാന്വലുകളും, ഫാറങ്ങളും പരിഭാഷപ്പെടുത്തുന്നതിനായി ഓരോ വകുപ്പുകളിലും പരിഭാഷാസെല്ലുകൾ രൂപീകരിക്കണമെന്നും, ഉദ്യോഗസ്ഥർക്ക് ഭരണഭാഷാ പരിശീലനം, മലയാളം കമ്പ്യൂട്ടിങ് പരിശീലനം എന്നിവ ലഭ്യമാക്കണമെന്നും നിർദ്ദേശം നൽകിയിട്ടുണ്ട്. കേരളത്തിൽ ഇപ്പോൾ നിലവിലുള്ളതും, ഇനി രൂപീകരിക്കുന്നതുമായ എല്ലാ വകുപ്പുകളിലും |

| | | | |
|---|---|---|---|
| | | | സ്ഥാപനങ്ങളിലും നിയമപരമായി ഇംഗ്ലീഷും സംസ്ഥാനത്തെ ന്യൂനപക്ഷഭാഷകളായ തമിഴും/കന്നഡയും ഔദ്യോഗികഭാഷയായി ഉപയോഗിക്കാൻ അനുവദിച്ചിട്ടുള്ള പ്രത്യേക സാഹചര്യങ്ങളൊഴികെ എല്ലാ ഔദ്യോഗികാവശ്യങ്ങൾക്കും മലയാളം ഉപയോഗിക്കേണ്ടതാണെന്ന് നിർദ്ദേശിച്ചു കൊണ്ട് 13.01.2015-ാം തീയതി വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. കുറിപ്പുഫയൽ മലയാളത്തിലായിരിക്കണമെന്ന വ്യവസ്ഥയോടെ,<br>(i) (എ) കേന്ദ്ര സർക്കാർ (ബി) കേന്ദ്ര സർക്കാർ സ്ഥാപനങ്ങൾ (സി) ഹൈക്കോടതി, സുപ്രീംകോടതി (ഡി) അന്യ സംസ്ഥാനങ്ങൾ (ഇ) അന്യ രാജ്യങ്ങൾ (എഫ്) സംസ്ഥാനത്തെ ന്യൂനപക്ഷഭാഷകളായ തമിഴ്, കന്നഡ അല്ലാതെയുള്ള മറ്റ് ഭാഷാന്യൂനപക്ഷക്കാരുമായുള്ള കത്തിടപാടുകൾ.<br>(ii) ഇംഗ്ലീഷ് ഉപയോഗിക്കണമെന്ന് ഏതെങ്കിലും നിയമത്തിലെ പ്രത്യേക പരാമർശമുള്ള സംഗതികൾ എന്നീ സാഹചര്യങ്ങളിൽ മാത്രം ഇംഗ്ലീഷ് ഔദ്യോഗിക ഭാഷയായി ഉപയോഗിക്കാമെന്നും വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്.<br><br>2017 മെയ് 1 മുതൽ സെക്രട്ടേറിയറ്റ് ഉൾപ്പെടെയുള്ള സർക്കാർ, അർദ്ധസർക്കാർ, പൊതുമേഖല, സ്വയംഭരണ, സഹകരണ സ്ഥാപനങ്ങളിൽ ഔദ്യോഗികഭാഷയായി മലയാളം ഉപയോഗിക്കുന്നത് നിർബന്ധമാക്കിക്കൊണ്ടും മേൽപ്പറഞ്ഞ വ്യവസ്ഥ കർശനമായി പാലിക്കണമെന്ന് നിർദ്ദേശിച്ചുകൊണ്ടും 26.04.2017-ലെ സ.ഉ.(അച്ചടി) നം.6/2017/ ഉഭവവ സർക്കാർ ഉത്തരവ് പുറപ്പെടുവിച്ച് ആവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |
| (സി) | കോടതി വ്യവഹാരങ്ങൾക്കുള്ള ഭാഷയായി മലയാളം ഉപയോഗപ്പെടുത്തുന്നതിന് എന്തൊക്കെ തടസ്സങ്ങളാണുള്ളതെന്ന് അറിയിക്കുമോ? | (സി) | കോടതി വ്യവഹാരങ്ങൾക്കുള്ള ഭാഷയായി മലയാളം ഉപയോഗിക്കുന്നതിന് താഴെ പറയുന്ന തടസ്സങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.<br>(എ) പ്രധാനപ്പെട്ട എല്ലാ നിയമങ്ങളും /ലാ ജേർണൽസ് എന്നിവ ഇംഗ്ലീഷ് ഭാഷയിലാണ്.<br>(ബി) ഹൈക്കോടതി, സുപ്രീംകോടതി വിധിന്യായങ്ങൾ ഇംഗ്ലീഷിലാണ്. |

| | | | |
|---|---|---|---|
| | | | (സി) ലോ കോളേജുകളിലെ ബോധന മാധ്യമം ഇംഗ്ലീഷാണ്.<br>(ഡി) മലയാളഭാഷയിൽ പ്രാവീണ്യമുള്ള ടൈപ്പിസ്റ്റുമാരുടെ/കോൺഫിഡൻഷ്യൽ അസിസ്റ്റന്റുമാരുടെ അഭാവം.<br>(ഇ) ന്യായാധിപന്മാർക്ക് മലയാളത്തിൽ പരിശീലനം നൽകേണ്ടത് ആവശ്യമാണ്.<br>(എഫ്) അപ്പീൽ പോകേണ്ടിവരുന്ന ജഡ്ജ്മെന്റുകൾ മലയാളത്തിൽ എഴുതിയാൽ ആയത് ഇംഗ്ലീഷിലേയ്ക്ക് തർജ്ജമ ചെയ്യേണ്ടി വരും. |

സെക്ഷൻ ഓഫീസർ